ജി(4)16511/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 16.8.2018

## സർക്കുലർ നമ്പർ 42 /18

വിഷയം- സഹകരണ വകുപ്പ്- പ്രകൃതി ദുരന്തം- സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2 ദിവസത്തെ വേതനം-സഹകരണ സ്ഥാപനങ്ങളിലെ പൊതു നന്മാഫണ്ട്- സംഭാവന നൽകുന്നത് - സംബന്ധിച്ച്.

*****

കേരളം സമീപ കാലത്ത് അഭിമുഖീകരിച്ചിട്ടില്ലാത്ത വിധം ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തത്തെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള ജനത ഒറ്റക്കെട്ടായി മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. ഈ ഉദ്യമത്തിൽ സഹകരണമേഖലയിലെ മുഴുവൻ ജീവനക്കാരും, സഹകാരികളും തങ്ങളാൽ കഴിയുന്ന സഹായ സഹകരണങ്ങൾ നൽകേണ്ടതാണ്. സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഈ പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്കും ദുരിത ബാധിതർക്കും സഹായം ലഭ്യമാക്കുന്നതിനായി ജീവനക്കാരുടെ 2 ദിവസത്തെ വേതനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ 2 ദിവസത്തെ വേതനവും സഹകരണ സ്ഥാപനങ്ങളുടെ പൊതുനന്മാഫണ്ടിൽ നിന്നും പരമാവധി തുകയോ സഹകരണ സ്ഥാപനങ്ങളുടെ തനതായ സംഭാവനയോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുവാൻ അഭ്യർത്ഥിക്കുന്നു. പ്രസ്തുത തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് അടയ്ക്കുന്നതിന് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും നടപടി സ്വീകരിക്കേണ്ടതാണ്. ചെക്ക്/ഇലക്ട്രോണിക്ക് ട്രാൻസ്ഫർ സംവിധാനം മുഖേന തുക അടയ്ക്കുന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തുക നേരിട്ട് അടയ്ക്കുന്നവർ എസ്.ബി.ഐ. തിരുവനന്തപുരം സിറ്റി ബ്രാഞ്ച് അക്കൗണ്ട് നമ്പർ 67319948232 (IFSC CODE SBIN0070028) എന്ന അക്കൗണ്ടിലും ചെക്കായോ ഡി.ഡി. ആയോ തുക അടയ്ക്കുന്നവർ പ്രിൻസിപ്പൽ സെക്രട്ടറി(ഫിനാൻസ്), ട്രഷറർ, ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, സെക്രട്ടറിയേറ്റ് തിരുവനന്തപുരം, 695001 എന്ന അഡ്രസ്സിലും അയക്കേണ്ടതാണ്.

അതോടൊപ്പം അതാത് പ്രദേശങ്ങളിലെ സഹകരണ സ്ഥാപനങ്ങൾ പ്രകൃതി ദുരന്തം ബാധിച്ച പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് മുന്നിട്ടിറങ്ങേണ്ടതാണ്. ഇതിനായി ഓരോ സഹകരണ സ്ഥാപനങ്ങൾക്കും അവരവരുടെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് പരമാവധി ആശ്വാസ നടപടികൾ സ്വീകരിക്കാവുന്നതും സംഘം തലത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അതാത് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

ഓരോ ജില്ലയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ ധനസഹായം സംബന്ധിച്ച കണക്കും, സംഘം തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിവരങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ശേഖരിക്കേണ്ടതും ആയത് സഹകരണ സംഘം രജിസ്ട്രാറെ ഓഗസ്റ്റ് 31 നകം അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്) മുഖേന)
4. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. ജനറൽ മാനേജർ എല്ലാ ഡി.സി.ബി യ്ക്കും
6. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
7. സ്റ്റോക്ക് ഫയൽ
8. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി)